# സന്ദേശനിലയം

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

തിരുസഭാമാതാവിന്റെ മഹത്വീകരണത്തെക്കുറിച്ചു ധ്യാനിക്കുന്ന പള്ളിക്കൂദാശാക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. ആരാധനാവത്സരത്തിലെ ഇനിയുള്ള നാളുകളിൽ നമ്മുടെതന്നെ വിശുദ്ധീകരണത്തിനായി പ്രാർഥനാപൂർവം യത്നിക്കാം. ഈശോയെ എന്നപോലെ തിരുസഭയെ സ്നേഹിക്കാനും വിശ്വാസത്തിൽ സ്ഥിരതയോടെ നിലകൊള്ളാനും ലോകമെങ്ങും ശാന്തിയും സമാധാനവും നിലനിൽക്കാനും വേണ്ടി പ്രാർഥിക്കാം.

അതിരൂപതയുടെ അധ്യക്ഷനായി ശുശ്രൂഷ ഏറ്റെടുത്തിരിക്കുന്ന അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായ്ക്കു സന്ദേശനിലയകുടുംബത്തിന്റെ ആശംസകളും പ്രാർഥനകളും സ്നേഹാദരങ്ങളോടെ നേരുന്നു. അഭി. പിതാവിനോടു ചേർന്നുനിന്നുകൊണ്ടു ദൈവരാജ്യത്തിന്റെ ശുശ്രൂഷയിൽ നമുക്കും പങ്കുചേരാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**നവംബർ**

02 ശനി : സി.എൽ.റ്റി. ക്ലാസ്സ്

03 ഞായർ : പള്ളിക്കൂദാശ ഒന്നാം ഞായർ ക്ലാസ്സ്- 23 **എസ്.എം.സി.സി. പ്രതിഭാ അവാർഡ് ഫൊറോനാതലസെലക്ഷൻ: സന്ദേശനിലയം** (രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30ന് അവസാനിക്കുന്നു)

09 ശനി : സി.എൽ.റ്റി. ക്ലാസ്സ്

10 ഞായർ : പള്ളിക്കൂദാശ രണ്ടാം ഞായർ ക്ലാസ്സ്- 24

16 ശനി : **എസ്.എം.സി.സി. പ്രതിഭാഅവാർഡ് അതിരൂപതാതല സെലക്ഷൻ ക്യാംപ്** (രാവിലെ 9.30ന് ആരംഭിച്ച് 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30നു സമാപിക്കുന്നു)

17 ഞായർ : പള്ളിക്കൂദാശ മൂന്നാം ഞായർ ക്ലാസ്സ്- 25

23 ശനി : സി.എൽ.റ്റി. ക്ലാസ്സ്, **മതാധ്യാപകസെമിനാർ: മണിമല ഫൊറോന** (രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ)

24 ഞായർ : പള്ളിക്കൂദാശ നാലാം ഞായർ ക്ലാസ്സ്- 26

30 ശനി : സി.എൽ.റ്റി. ക്ലാസ്സ്, **മതാധ്യാപകസെമിനാർ: അമ്പൂരി ഫൊറോന** (ഉച്ചകഴിഞ്ഞ് 2 മുതൽ 5.30 വരെ)

**ഡിസംബർ**

01 ഞായർ : **ഇരുപത്തഞ്ചുനോമ്പാരംഭം,** മംഗളവാർത്ത ഒന്നാം ഞായർ

ക്ലാസ്സ്– 27, **മതാധ്യാപകസെമിനാർ: തിരുവനന്തപുരം ഫൊറോന** (ഉച്ചകഴിഞ്ഞ് 2 മുതൽ 5.30 വരെ)

08 ഞായർ : **പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ,** മംഗളവാർത്ത രണ്ടാം ഞായർ ക്ലാസ്സ്– 28

**മതാധ്യാപകസെമിനാർ**

ഫൊറോനാതലത്തിലുള്ള അർധദിനസെമിനാർ അവസാനഘട്ടത്തിലാണ്. *വിശ്വാസപരിശീലനം ഇന്ന്* എന്ന വിഷയത്തെ ആസ്പദമാക്കിയ ഈ സെമിനാറിൽ വിശ്വാസപരിശീലകർ ആദ്യന്തം സംബന്ധിക്കേണ്ടതാണ്. അതതു ഫൊറോനയിലെ സെമിനാറിൽ സംബന്ധിക്കാത്ത അധ്യാപകർ അടുത്ത ഫൊറോനയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. നവംബർ – ഡിസംബർ മാസങ്ങളിലെ ഫൊറോനകളും തീയതികളും താഴെക്കൊടുത്തിരിക്കുന്നു. *സമയക്രമം: രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ/ ഉച്ചകഴിഞ്ഞു രണ്ടു മുതൽ വൈകുന്നേരം 5.30 വരെ.*

| രാവിലെ | ഉച്ചകഴിഞ്ഞ് | |
|---|---|---|
| നവംബർ 23– മണിമല | നവംബർ | 30– അമ്പൂരി |
| | ഡിസംബർ | 01– തിരുവനന്തപുരം |
| ഡിസംബർ 14– അതിരമ്പുഴ | ഡിസംബർ | 14– കുടമാളൂർ |
| | ഡിസംബർ | 15– കൊല്ലം–ആയൂർ |
| ഡിസംബർ 21– തുരുത്തി | ഡിസംബർ | 21– ചങ്ങനാശ്ശേരി |
| | ഡിസംബർ | 22– തൃക്കൊടിത്താനം |

**അതിരൂപതാതല സെലക്ഷൻ ക്യാംപ്: എസ്.എം.സി.സി. പ്രതിഭാഅവാർഡ്**

എസ്.എം.സി.സി. പ്രതിഭാഅവാർഡിനുള്ള അതിരൂപതാതല സെലക്ഷൻ ക്യാംപ് സന്ദേശനിലയത്തിൽ **നവംബർ 16** രാവിലെ 9.30ന് ആരംഭിച്ച് 17 ഉച്ചകഴിഞ്ഞ് 3.30ന് അവസാനിക്കുന്നതാണ്. *രജിസ്ട്രേഷൻ ഫീസ് 800 രൂപ.* ഫൊറോനകളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ കൃത്യസമയത്ത് എത്തിച്ചേരാനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

**സി.ആർ.റ്റി. വിസിറ്റ്**

കാറ്റക്കെറ്റിക്കൽ റിസോഴ്സ് ടീമിന്റെ സൺഡേസ്കൂൾ സന്ദർശനങ്ങൾ നവംബർമാസത്തിൽ നടത്തപ്പെടുന്നതാണ്. ഡിസംബർമാസത്തിനുള്ളിൽ സന്ദർശനം പൂർത്തീകരിക്കാൻ സഹകരിക്കുമല്ലോ. സന്ദർശനവേളയിൽ *സൺഡേ സ്കൂൾ പ്രൈമറി ഡേറ്റ* പൂരിപ്പിച്ചു ടീം ലീഡറെ ഏല്പിക്കേണ്ടതാണ്. സൺഡേസ്കൂളിന്റെ വളർച്ചയ്ക്കുതകുന്നവിധം ഓരോ സന്ദർശനവും ഫലപ്രദമാക്കാൻ മുന്നൊരുക്കത്തോടെ തയ്യാറെടുക്കാം. സി.ആർ.റ്റി. റിപ്പോർട്ടുകൾ സന്ദേശനിലയത്തിൽ ഏല്പിക്കുന്നതിന് അനാവശ്യമായ കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കണം.

**പ്രത്യേകശ്രദ്ധയ്ക്ക്**

സൺഡേസ്കൂളിന്റെ ഒന്നാംടേം പരീക്ഷകളുടെ മാർക്കും ഹാജരും ക്ലാസ്സടിസ്ഥാനത്തിൽ Ecos@Sandesൽ ഇതുവരെ എന്റർ ചെയ്തിട്ടില്ലെങ്കിൽ അതു പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കേണ്ടതാണ്.

**നന്ദി-സ്വാഗതം**

സന്ദേശനിലയം-മിഷൻലീഗ് അസ്സി. ഡയറക്ടർ എന്നനിലയിൽ നിസ്തുല സേവനത്തിനുശേഷം ഉപരിപഠനത്തിനായി റോമിലേക്കു യാത്രതിരിച്ച പുളിയ്ക്കൽ ബഹു. മാത്യു അച്ചനും റീജൻസിക്കാലം നിസ്വാർഥസേവനത്തിനു വിനിയോഗിച്ച സച്ചിൻ പുത്തൻവീട് കൈതത്തറ ബ്രദറിനും സന്ദേശനിലയം-മിഷൻലീഗ് കുടുംബത്തിന്റെ സ്നേഹംനിറഞ്ഞ നന്ദി.

വൊക്കേഷൻ ബ്യൂറോ ഡയറക്ടറായും സന്ദേശനിലയം-മിഷൻലീഗ് അസ്സി. ഡയറക്ടറായും നിയമിതനായ മാമ്പറ ബഹു. സെബാസ്റ്റ്യൻ അച്ചനും റീജന്റ് ബ്രദർ തോമസുകുട്ടി പുല്ലാട്ടുകാലായ്ക്കും സന്ദേശനിലയം-മിഷൻലീഗ് കുടുംബത്തിലേക്കു ഹൃദ്യമായ സ്വാഗതം.

**ആദരാഞ്ജലികൾ**

ആർപ്പൂക്കര വില്ലൂന്നി സെന്റ് സേവ്യേഴ്സ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ബെന്നി ജോസഫിന്റെ പിതാവിന്റെയും താഴത്തങ്ങാടി സേക്രഡ് ഹാർട്ട് സൺഡേസ്കൂൾ അധ്യാപിക ലൂസി തോമസിന്റെ മാതാവിന്റെയും മുഹമ്മ സെന്റ് ജോർജ് ഫൊറോനാ സൺഡേസ്കൂൾ അധ്യാപകൻ ബാബു വള്ളവന്തറയുടെ മകന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
## (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

ആരാധനാവത്സരത്തിലെ അവസാനകാലമായ പള്ളിക്കൂദാശയിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. സ്വർഗം മുന്നിൽ കണ്ടുകൊണ്ടുള്ള ജീവിതമാണു നമ്മുടേതെന്നു പ്രത്യേകം ഓർമിപ്പിക്കുന്ന കാലം. വി. കൊച്ചുത്രേസ്യാ, വി. അൽഫോൻസാമ്മ എന്നിവരെപ്പോലെ വിശുദ്ധിയിൽ വളർന്നു സ്വർഗത്തെ ലക്ഷ്യമാക്കി നീങ്ങാം. ശാഖകളിൽ മിഷൻഞായർ വേണ്ടത്ര പ്രാധാന്യത്തോടെ ആഘോഷിച്ചു എന്നു കരുതുന്നു. 'മിഷനറിയാകുക അല്ലെങ്കിൽ മിഷൻ പ്രവർത്തനത്തെ സഹായിക്കുക'യെന്നതു കുഞ്ഞുമിഷനറിമാരുടെ കടമയാണ്. തീക്ഷ്ണതയോടെ പ്രവർത്തിക്കാൻ എല്ലാവിധ നന്മകളും ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**നവംബർ**

02 ശനി : ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകൻ മാർ ജയിംസ് കാളാശ്ശേരി പ്പിതാവിന്റെ അനുസ്മരണം: ശാഖകളിൽ

03 ഞായർ : അഞ്ചിലധികം മക്കളുള്ള കുടുംബങ്ങളെ ആദരിക്കൽ: മേഖലക ളിൽ

09 ശനി : സംസ്ഥാനതല മിഷൻ കലോത്സവം (പാലക്കാട് രൂപത)

16 ശനി : ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥചർച്ച

24 ഞായർ : മ്ശിഹായുടെ രാജത്വതിരുനാൾ

30 ശനി : വി. അന്ത്രയോസ് ശ്ലീഹാ

**ഡിസംബർ**

01 ഞായർ : ഇരുപത്തഞ്ചുനോമ്പ്-'ഉണ്ണിയെത്തേടി' ആരംഭം

03 ചൊവ്വ : വി. ഫ്രാൻസിസ് സേവ്യർ

**മിഷൻ വോയ്സ് പത്രം**

മിഷൻലീഗിലെ അംഗങ്ങളുടെ നേതൃത്വത്തിൽ മിഷൻകേന്ദ്രങ്ങളെ സംബ ന്ധിച്ചു പഠിച്ചും വിവരങ്ങൾ ശേഖരിച്ചും തയ്യാറാക്കുന്ന 'മിഷൻ വോയ്സ് പത്രം' **നവംബർ 19 വരെ** അതിരൂപതാഓഫീസിൽ ഏല്പിക്കാവുന്നതാണ്.

**ഉണ്ണിയെത്തേടി**

ക്രിസ്തുമസിനൊരുക്കമായുള്ള ഇരുപത്തഞ്ചുനോമ്പുകാലത്തു ചുറ്റുമുള്ള രോഗികളും അനാഥരും ദുഃഖമനുഭവിക്കുന്നവരുമായ കൂട്ടുകാരെ സന്ദർശിക്കു കയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം. പുൽക്കൂട്ടിൽ പിറക്കാനി

രിക്കുന്ന ഉണ്ണിയെത്തേടി നമ്മുടെ സമൂഹത്തിലേക്കിറങ്ങാം. മേഖലകളുടെ നേതൃത്വത്തിലോ ശാഖാതലത്തിലോ സമീപത്തുള്ള കുട്ടികളുടെ ആശുപത്രി, അനാഥാലയങ്ങൾ എന്നിവയോ, വൃദ്ധമന്ദിരങ്ങളോ സന്ദർശിച്ചു സമ്മാനങ്ങൾ നൽകുന്ന രീതിയിൽ ഇതു ക്രമീകരിക്കാവുന്നതാണ്. ഡിസംബർ ഒന്നു മുതൽ ഓരോ ദിവസവും ചെയ്യേണ്ട സുകൃതങ്ങളടങ്ങിയ 'സുകൃതച്ചെപ്പ്' അതി രൂപതയിൽനിന്നും നൽകുന്നതാണ്. മേഖലകളും ശാഖകളും ഇതിനോടു സഹകരിക്കണം.

**പ്രത്യേകശ്രദ്ധയ്ക്ക്**

**ശാഖകൾ ഓരോ വർഷവും അടയ്ക്കേണ്ട വിഹിതങ്ങൾ**

1. അതിരൂപതാവിഹിതം 150 രൂപ
2. ദൈവവിളി ഫണ്ട് ഒരു കുട്ടിക്കു രണ്ടുരൂപ വീതം (ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ)
3. മിഷൻ ഫണ്ട് (മിഷൻ ഞായറാഴ്ച കുട്ടികൾ ഉല്പന്നപ്പിരിവ്, ഭവനസന്ദർശനം എന്നിവയിലൂടെ സമാഹരിക്കുന്ന തുക)
4. 'ഉണ്ണിയെത്തേടി' (ത്യാഗഫലം)

**മിഷൻ ക്വസ്റ്റ് 2024**

ആഗോളസീറോമലബാർസഭയുടെ ഐക്യം, സീറോമലബാർസഭയെക്കുറിച്ചുള്ള നമ്മുടെ അറിവും വിശ്വാസവും വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളുമായി സീറോമലബാർമിഷൻ, മതബോധന ഓഫീസുകൾ എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന 'മിഷൻ ക്വസ്റ്റ് 2024' ഓൺലൈൻ ക്വിസ് **ഡിസംബർ 14** വൈകുന്നേരം ആറിനു നടത്തപ്പെടുന്നതാണ്. മുതിർന്നവർക്കും കുട്ടികൾക്കുമായുള്ള ഈ മത്സരത്തിൽ മാതാപിതാക്കൾ, മതാധ്യാപകർ, മിഷൻലീഗ് ഭാരവാഹികൾ, യുവജനങ്ങൾ, സൺഡേസ്കൂൾ കുട്ടികൾ എന്നിവർ പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

**പഠനഭാഗങ്ങൾ**

| | | |
|---|---|---|
| 1. | ബൈബിൾ: വി. ലൂക്കായുടെ സുവിശേഷം (ഈശോയുടെ മിഷൻപ്രവർത്തനങ്ങൾ) | 30 % |
| 2. | മിഷൻസുവിശേഷപ്രഘോഷണം *(EVANGELII NUNTIANDI - വി. പോൾ ആറാമൻ മാർപാപ്പായുടെ അപ്പസ്തോലികപ്രബോധനം)* | 40 % |
| 3. | മതബോധനം: സീറോമലബാർസഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം (അധ്യായം 1 & 2, പേജ് 1-37) | 30 % |